പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4890 14/11/2019-ൽ മറുപടിക്ക്

# ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ കോഴ്സ് നിർത്തലാക്കിയ സാഹചര്യം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.ടി.എ.അഹമ്മദ് കബീർ: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഹിന്ദി, ഉറുദു, അറബി എന്നീ വിഷയങ്ങളിലെ യും അധ്യാപകർക്ക് യോഗ്യതയായി നിശ്ചയിച്ചിരുന്ന ഡിപ്ലോമ ഇൻ ലാംഗ്വേജ് യും എഡ്യൂക്കേഷൻ കോഴ്സ് നിർത്തലാക്കിയിട്ടുണ്ടോ;<br><br>(ബി) പ്രസ്തുത കോഴ്സ് നിർത്തലാക്കാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) (ബി) കേന്ദ്ര സർക്കാരിന്റെ അക്കാദമിക അതോറിറ്റിയായ എൻ.സി.റ്റി.ഇ നിർദേശ പ്രകാരം അദ്ധ്യാപക പരിശീലന കോഴ്സുകൾ നൂറ് ദിവസത്തെ ഇന്റേൺഷിപ്പ് ഉൾപ്പെടെ രണ്ട് വർഷം ദൈർഘ്യമുള്ള വയായിരിക്കണം. എന്നാൽ കേരളത്തിലെ ഒരു വർഷ ഡി.എൽ.എഡ് കോഴ്സുകൾ എൻ.സി.റ്റി.ഇ നിർദ്ദേശ പ്രകാരം പുന സംഘടിപ്പിക്കാതെ തുടരുന്നത് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് വഴിവയ്ക്കുമെന്നും ഇത്തരം കോഴ്സുകൾ പൂർത്തിയായവർക്ക് അദ്ധ്യാപകവൃത്തി സ്വീകരിക്കുവാൻ കഴിയാതെ വരുമെന്നുമുള്ള വസ്തുത കണക്കിലെടുത്ത് ഒരു വർഷ ഡി.എൽ.എഡ് കോഴ്സ് രണ്ട് വർഷമാക്കി പരിഷ്കരിക്കുകയുണ്ടായി. |
| (സി) ഡിപ്ലോമ ഇൻ ലാംഗ്വേജ് എഡ്യൂക്കേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ ഉറുദു അടക്കമുള്ള വിഷയങ്ങളിൽ ബി.എഡ്-ന് കൂടുതൽ സീറ്റ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ എന്ന് അറിയിക്കുമോ? | (സി) ഉറുദു വിഷയത്തിന് ബി.എഡിന് കൂടുതൽ സീറ്റ് അനുവദിക്കണമെന്ന നിർദ്ദേശം/ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ